## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 508** **29.11.2018 ൽ മറുപടിക്ക്.**

## ജി.എസ്.ടി. ഏർപ്പെടുത്തിയ ശേഷം നികുതി വരുമാനത്തിലെ വളർച്ച

| ചോദ്യം<br>ശ്രീ.ഹൈബി ഈഡൻ | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | ജി.എസ്.ടി നടപ്പിലാക്കിയ ശേഷം ഓരോ മാസവും എസ്.ജി.എസ്.ടി./ഐ.ജി.എസ്.ടി. ഇനത്തിൽ സംസ്ഥാനത്തിന് ലഭിച്ച വരുമാനം എത്രയാണെന്ന് വ്യക്തമാക്കുമോ; | (എ) | ജി.എസ്.ടി. നടപ്പിലാക്കിയ ശേഷം ഓരോ മാസവും എസ്.ജി.എസ്.ടി./ ഐ.ജി.എസ്.ടി. ഇനത്തിൽ സംസ്ഥാനത്തിന് ലഭിച്ച വരുമാനം ചുവടെ ചേർക്കുന്നു. |

(തുക കോടിയിൽ)

| മാസം | എസ്. ജി. എസ്.ടി | ഐ.ജി. എസ്.ടി |
|---|---|---|
| ആഗസ്റ്റ് 2017 | 716.47 | 451.74 |
| സെപ്റ്റംബർ 2017 | 807.05 | 763.46 |
| ഒക്ടോബർ 2017 | 740.47 | 822.65 |
| നവംബർ 2017 | 610.30 | 801.36 |
| ഡിസംബർ 2017 | 600.51 | 795.95 |
| ജനുവരി 2018 | 700.39 | 826.90 |
| ഫെബ്രുവരി 2018 | 619.68 | 808.82 |
| മാർച്ച് 2018 | 604.24 | 794.12 |
| ഏപ്രിൽ 2018 | 693.64 | 802.07 |
| മെയ് 2018 | 661.80 | 785.97 |

<table>
<tr>
<td></td>
<td></td>
<td></td>
<td>
<table>
<tr><td>ജൂൺ 2018</td><td>682.47</td><td>879.89</td></tr>
<tr><td>ജൂലൈ 2018</td><td>658.46</td><td>848.44</td></tr>
<tr><td>ആഗസ്റ്റ് 2018</td><td>527.51</td><td>746.21</td></tr>
<tr><td>സെപ്റ്റംബർ 2018</td><td>525.30</td><td>651.90</td></tr>
<tr><td>ഒക്ടോബർ 2018</td><td>793.50</td><td>1068.43</td></tr>
</table>
</td>
</tr>
<tr>
<td>(ബി)</td>
<td>ജി.എസ്.ടി നടപ്പിലാക്കുന്നതിന് മുമ്പുള്ള അഞ്ച് വർഷങ്ങളിൽ സംസ്ഥാനത്തിന് ലഭ്യമായ നികുതി വരുമാനത്തിലെ വളർച്ച/കുറവ് എന്നിവ ശതമാന കണക്കിൽ വ്യക്തമാക്കുമോ;</td>
<td></td>
<td>ജി.എസ്.ടി. നടപ്പിലാക്കുന്നതിന് മുമ്പുള്ള അഞ്ച് വർഷങ്ങളിൽ സംസ്ഥാനത്തിന് ലഭ്യമായ നികുതി വരുമാനത്തിലെ വളർച്ച ശതമാനക്കണക്കിൽ ചുവടെ ചേർക്കുന്നു.
<table>
<tr><th>വർഷം</th><th>വളർച്ച (ശതമാനത്തിൽ)</th></tr>
<tr><td>2012-13</td><td>19</td></tr>
<tr><td>2013-14</td><td>11</td></tr>
<tr><td>2014-15</td><td>10</td></tr>
<tr><td>2015-16</td><td>12</td></tr>
<tr><td>2016-17</td><td>9</td></tr>
</table>
</td>
</tr>
<tr>
<td>(സി)</td>
<td>ജി.എസ്.ടി ഏർപ്പെടുത്തിയ ശേഷം നികുതി വരുമാനത്തിൽ ഉദ്ദേശിച്ച വളർച്ച ഉണ്ടായിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കുമോ?</td>
<td></td>
<td>ജി.എസ്.ടി. ഏർപ്പെടുത്തിയ ശേഷം നികുതി വരുമാനത്തിൽ ഉദ്ദേശിച്ച വളർച്ച ഉണ്ടായിട്ടില്ല. അതിനുള്ള കാരണങ്ങൾ ചുവടെ ചേർക്കുന്നു.<br>1. കേരളത്തിൽ മൊത്തം വാറ്റ് നികുതി പിരിവിന്റെ 70 ശതമാനത്തോളം, 14.5 ശതമാനം നിരക്കിലുള്ള കമ്മോഡിറ്റികളിൽ നിന്നുമായിരുന്നു. ജി.എസ്.ടി. നടപ്പിലായപ്പോൾ റവന്യൂ ന്യൂട്രൽ റേറ്റ് 28 ശതമാനം ആയി നിശ്ചയിച്ചു എങ്കിലും പിന്നീട് 18 ശതമാനമായി കുറച്ചു. ഇതിനെ തുടർന്ന് സംസ്ഥാനത്തിന് കിട്ടുന്ന നികുതി വിഹിതം 9 ശതമാനമായി കുറഞ്ഞു. കൂടാതെ അന്തർ</td>
</tr>
</table>

| | | | |
|---|---|---|---|
| | | | സംസ്ഥാന ചരക്ക് കൈമാറ്റത്തിന് നൽകിയ ഐ.ജി.എസ്.ടി., എസ്.ജി.എസ്.ടി. എന്നിവ അടയ്ക്കുന്നതിനായി അതിന്റെ ക്രെഡിറ്റ് ഉപയോഗിക്കുമ്പോൾ ആ ക്രെഡിറ്റ് പൂർണ്ണമായും സംസ്ഥാനത്തിന് അടുത്ത മാസം ലഭിക്കേണ്ടതാണ്. എന്നാൽ നികുതി റിട്ടേൺ മുഴുവൻ ഫയൽ ചെയ്യാത്തതിനാൽ വിശദാംശങ്ങൾ ലഭിക്കുന്നില്ല. ഇതും പ്രധാനമായും ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന്റെ നികുതി പിരിവിനെ സാരമായി ബാധിച്ചിട്ടുണ്ട്.<br>2. GST യുമായി ബന്ധപ്പെട്ട് 2017-18 ന്റെ Annual Return ഡിസംബർ 2018 വരെ ഫയൽ ചെയ്യാവുന്നതാണ്. അത്തരം റിട്ടേൺ ലഭ്യമാകുമ്പോൾ റിട്ടേണുകളുടെ വിശദമായ സ്ക്രൂട്ടിനി നടത്തി, നികുതി പിരിവ് വർദ്ധിപ്പിക്കാം എന്നാണ് പ്രതീക്ഷിക്കുന്നത്. Annual Return ഫയൽ ചെയ്യാനുള്ള കാലാവധി നീട്ടരുതെന്ന് കേരളം പ്രത്യേകമായി കേന്ദ്രത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.<br>3. അന്തർ സംസ്ഥാനത്തേയും സംസ്ഥാനത്തിനകത്തേയും ചരക്ക് നീക്കത്തിന്റെ വിശദമായ വിവരങ്ങൾ ലഭ്യമാകുന്നതിനുവേണ്ടി ഇ-വേ ബിൽ സമ്പ്രദായം 01/04/2018 മുതൽ നടപ്പിലാക്കിയിട്ടുണ്ട്. ഇതിൽ നിന്നും ലഭ്യമാകുന്ന വിശദാംശങ്ങൾ വ്യാപാരികൾ ഫയൽ ചെയ്യുന്ന റിട്ടേണുമായി ഒത്തു നോക്കി നികുതി വെട്ടിപ്പ് നല്ലൊരു പരിധി വരെ നിയന്ത്രിക്കാൻ കഴിയും. ഇതിനെ തുടർന്ന് ആനുപാതിക നികുതി വർദ്ധനവ് പ്രതീക്ഷിക്കുന്നു.<br>4. ഇ-വേ ബിൽ കൃത്യമായി ഫയൽ ചെയ്യുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനുവേണ്ടി ഇന്റലിജൻസ് വിഭാഗത്തിന്റെ എണ്ണം വർദ്ധിപ്പിച്ച് സംസ്ഥാനത്തിന്റെ അതിർത്തി പ്രദേശങ്ങളിൽ വിന്യസിച്ചിട്ടുണ്ട്.<br>5. ഭൂരിഭാഗം ആഡംബര ഉപഭോക്തൃ |

| | | | |
|---|---|---|---|
| | | | ചരക്കുകളുടെയും നികുതിനിരക്ക് 23-ാം ജി.എസ്.ടി കൗൺസിലിന്റെ തീരുമാനപ്രകാരം 28% ൽ നിന്ന് 18%, 12% ആയി കുറച്ചിട്ടുണ്ട്. ഇത് സംസ്ഥാനങ്ങളുടെ നികുതി പിരിവിനെ ദോഷകരമായി ബാധിക്കുമെന്ന് കേരളം അന്നുതന്നെ ചൂണ്ടിക്കാണിച്ചിരുന്നു. നികുതിനിരക്കിലെ വ്യതിയാനങ്ങൾ ജി.എസ്.ടി കൗൺസിലിൽ ചർച്ച ചെയ്ത് ഭൂരിപക്ഷ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ നിശ്ചയിക്കുന്നതായതിനാൽ ഇത് പുന:പരിശോധിക്കാനുള്ള സാധ്യത വിരളമാണ്. |

സെക്ഷൻ ഓഫീസർ